# പത്രക്കുറിപ്പ്

## പിറവം ഉപതെരഞ്ഞെടുപ്പ് – വോട്ടർ പട്ടികയിൽ പേരു ചേർക്കുന്നത് സംബന്ധിച്ച്

പിറവം നിയോജക മണ്ഡലത്തിൽ ഉപതെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ മണ്ഡലത്തിൽ തെരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന ദിവസമായ ഫെബ്രുവരി 29-ന് വോട്ടർപട്ടിക പുതുക്കൽ പ്രക്രിയ നിർത്തിവയ്ക്കുന്നതാണ്. തെരഞ്ഞെടുപ്പ് പ്രക്രിയ അവസാനിച്ചതിനു ശേഷം മാത്രമേ മണ്ഡലത്തിലെ വോട്ടർപട്ടികയിൽ വീണ്ടും പേര് ചേർക്കുവാൻ സാധിക്കുകയുള്ളൂ.

വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നവർക്ക് പേര് ചേർക്കുന്നതിന് നിയമാനുസൃതമായി 7 ദിവസത്തെ നോട്ടീസ് കാലാവധി ആവശ്യമായുള്ളതു കൊണ്ട് ആ കാലാവധി കൂടി കണക്കിലെടുത്ത് അപേക്ഷകരെ കൂടിക്കാഴ്ച്ചയ്ക്ക് ക്ഷണിച്ച് രേഖകൾ പരിശോധിച്ച് പേര് ചേർക്കുന്നതിനുള്ള മറ്റ് നടപടിക്രമങ്ങൾ പൂർത്തിയാകുന്നതിന് കുറഞ്ഞത് 10 ദിവസത്തെ സമയം ആവശ്യമായി വരും. അതു കൊണ്ട് എല്ലാ പ്രവൃത്തി ദിവസങ്ങളിലും അപേക്ഷകൾ സ്വീകരിക്കുമെങ്കിലും ഫെബ്രുവരി 19-നോ അതിന് മുൻപോ അപേക്ഷ സമർപ്പിക്കുന്നവരെ മാത്രമേ പിറവം മണ്ഡലത്തിലെ ഉപതെരഞ്ഞെടുപ്പിന് ഉപയോഗിക്കുന്ന വോട്ടർപട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി പരിഗണിക്കാൻ സാധിക്കുകയുള്ളു.

പിറവം മണ്ഡലത്തിലെ വോട്ടർ പട്ടികയിൽ പേര് ചേർക്കാനായി ഇതിനകം ഓൺലൈനായി അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളവരിൽ മാർച്ച് മാസം ഹിയറിംഗിന് തീയതി നൽകിയിട്ടുള്ളവർക്ക് ഫെബ്രുവരി മാസം 25-നകം തന്നെ ഹിയറിംഗിന് അവസരം ലഭിക്കത്തക്ക വിധം ഹിയറിംഗ് തീയതികൾ പുനക്രമീകരിക്കുന്നതാണ്. വിവരങ്ങൾക്ക് മൂവാറ്റുപുഴ താലൂക്ക് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**തിരുവനന്തപുരം** **ചീഫ് ഇലക്ടറൽ ഓഫീസർ**

18/02/2012